ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയെ നശിപ്പിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) എല്ലാ നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ക്ലീൻ കേരള പദ്ധതി

120 (1589) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഗവൺമെന്റും നഗരസഭകളും എന്ത് തുക വീതം ചെലവഴിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ക്ലീൻ കേരളാ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും 25 ഗ്രാമ പഞ്ചായത്തുകളിൽ നാഷണൽ ഹൈവേയുടെ ടൗണുകൾ ഉൾപ്പെടുന്ന വാർഡുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ക്ലീൻ കേരളാ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മൂലധന ചെലവ് 2003-04, 2004-05, വാർഷിക പദ്ധതികളിലെ പൊതു വിഭാഗം പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിന് എല്ലാ നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിന് 2003-04 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നഗരങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് നടപടി

121 (1590) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ദിനംപ്രതി ഉണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും അവ പ്രോസ്സസിംഗ് നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ക്ലീൻകേരള പ്രോജക്ട് നടപ്പിലാക്കിവരുന്നു. ഇതിനോടനുബന്ധിച്ച് ഓരോ നഗരത്തിലും ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ നഗരസഭകളിലും രാത്രികാല ശുചീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ദിനംപ്രതി ഉണ്ടാകുന്ന മാലിന്യങ്ങൾ ഉത്ഭവ സ്ഥലത്തുനിന്നും പ്രത്യേകവിഭാഗം ജോലിക്കാർ ലോറികളിൽ കയറ്റി സംസ്ക്കരണ പോയിന്റുകളിൽ എത്തിക്കുന്നു. ഇപ്രകാരം കൊണ്ടെത്തിക്കുന്ന ചവറുകൾ ലാന്റ് ഫില്ലിംഗ്, വെർമി കമ്പോസ്റ്റിംഗ്, സാനിട്ടറി ലാന്റ് ഫില്ലിംഗ്, ഡംപിംഗ് ഓപ്പൺ യാർഡ് എന്നീ രീതികളിൽ സംസ്ക്കരിക്കുന്നു. സംസ്ക്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകൾ അവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഖര മാലിന്യ സംസ്ക്കരണത്തിന് നഗരസഭകൾ സ്വീകരിച്ച നടപടി

122 (1591) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖര മാലിന്യ സംസ്ക്കരണത്തിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ;

(ബി) സുപ്രീംകോടതി ഉത്തരവനുസരിച്ച് ഖര മാലിന്യ സംസ്ക്കരണത്തിനുള്ള ഏർപ്പാട് ഏതു തീയതിക്കുള്ളിലാണ് പൂർത്തിയാക്കേണ്ടത് ;

(സി) അതിനുവേണ്ടി നഗരസഭകൾ ഇതുവരെ എന്തെല്ലാം നടപടികൾ എടുത്തു ;

(ഡി) ഖര മാലിന്യ സംസ്ക്കരണം സംബന്ധിച്ച് കേന്ദ്രം പുറപ്പെടുവിച്ച ചട്ടങ്ങളുടെ വിശദവിവരം നല്കുമോ ?

ഉത്തരം

(എ) ഖര മാലിന്യ സംസ്ക്കരണത്തിനുള്ള ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) 31-12-2003-ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly